# കടലിന്റെ മക്കളെ കാത്തിരിക്കുന്ന ദുഃസ്വപ്നങ്ങൾ

**കടലിൽ നിന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളിയെ പുറന്തള്ളുന്നതാണ് പുതിയ തീരദേശ മീൻപിടുത്ത നിയമങ്ങൾ**

■ ജി. നിർമ്മല

ഓളങ്ങളിൽ ഇളകിയാടുന്ന വഞ്ചിയുടെ തണ്ടിൽ ചെവിയോർത്ത് മാനം നോക്കിയങ്ങനെ കിടക്കുമ്പോൾ ആഴങ്ങളിൽ, ശംഖുകൾ കരയുന്ന ശബ്ദം കേൾക്കാം. കടലിന്റെ അടിത്തട്ട് ഇളകിത്തുടങ്ങുമ്പോഴാണത്രെ ശംഖുകൾ കരയുക. ആ കരച്ചിൽ കേട്ടാൽപ്പിന്നെ കടലിൽ നിൽക്കാൻ പാടില്ല. കടൽക്ഷോഭത്തിന്റെ തിരയിളക്കമാണത്. പിന്നെ, കിട്ടിയ കോളുമായി വേഗം തീരത്തേയ്ക്ക്... മുള്ളൻ മീനുകൾ കൂട്ടത്തോടെ വന്നാലുമങ്ങനെയാണ്; വേഗം തീരമണയാനുള്ള സൂചനയുമായാണ് അവരുടെ വരവ്. ഇങ്ങനെ നമുക്കറിയാത്ത ഭാഷയിൽ കടലമ്മ അവളുടെ മക്കൾക്ക് പല രഹസ്യസന്ദേശങ്ങളും നൽകാറുണ്ടായിരുന്നത്രെ.

നേരം ഒരുപാടു വൈകിയിട്ടും നിലാവ് ഒഴുകിപ്പരന്നിട്ടും പൂന്തുറ കടപ്പുറത്തിരുന്ന് പറഞ്ഞാലും തീരാത്ത കടൽക്കഥകളുടെ ചെപ്പു തുറക്കുകയാണ് അറുപത്തഞ്ചു കഴിഞ്ഞ മത്സ്യത്തൊഴിലാളിയായ ലോറൻസ് ചേട്ടൻ. കഥകളെന്നാൽ വെറും കഥകളല്ല; കടലിന്റെയും മുക്കുവന്റെയും സമ്പന്നമായിരുന്ന ജീവിതത്തിന്റെ കഥകൾ. അതായത്, കടൽവെള്ളം ചൂടുപിടിച്ച് പൊള്ളുന്നതിനും ട്രോളറുകൾ കടലിന്റെ മാറ് പിച്ചിച്ചീന്തുന്നതിനും സുനാമി ആഞ്ഞടിക്കുന്നതിനുമൊക്കെ മുൻ



തുന്നിച്ചേർക്കാനാവാത്ത ജീവിതം

പുള്ള കഥകൾ...

"ഇതുപോലെ നിലാവുള്ള രാത്രികളിൽ ഞങ്ങൾ തീരത്ത് ഓരോന്നു പറഞ്ഞങ്ങനെ ഇരിക്കുമ്പോഴായിരിക്കും അകലെ, നിലാവെട്ടത്തിൽ മീനുകൾ കൂട്ടത്തോടെ ഊളിയിട്ടു നീങ്ങുന്നതു കാണുക. പിന്നെ ഒരോട്ടമാണ്- വഞ്ചിയും വലയുമായി ഞങ്ങൾ കടലിലേക്കിറങ്ങും. ഇനി, ഈ ജന്മത്തിൽ ഒരു മുക്കുവനും അങ്ങനൊരു കാഴ്ച കാണാൻ ഭാഗ്യമുണ്ടാവില്ല"- നഷ്ടബോധത്തോടെയാണ് ലോറൻസ് ചേട്ടൻ കഥ പറഞ്ഞുനിർത്തിയത്. മണിക്കൂറുകൾ നീണ്ട വർത്തമാനത്തിൽ കടലിനെയും മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളിയെയും തകർത്ത ട്രോളിങ്ങിനെക്കുറിച്ചും മത്സ്യത്തൊഴിലാളികൾ നടത്തിയ സമരപരമ്പരകളെക്കുറിച്ചുമെല്ലാം അദ്ദേഹം പറഞ്ഞു. ഇപ്പോൾ, മത്സ്യത്തൊഴിലാളിയുടെ തലയ്ക്കുമേൽ തൂങ്ങിനിൽക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ ആൻഡ് മാനേജ്മെന്റ്) ബിൽ, യൂറോപ്യൻ യൂണിയൻ നിർദ്ദേശങ്ങൾ, ആസിയാൻ കരാർ, തീരദേശ പരിപാലന വിജ്ഞാപനം ഇവയെല്ലാം ചേർന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളിക്ക് കടൽ എങ്ങനെ അന്യമാക്കുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

## വൻകിടകൾക്ക് വേണ്ടിയുള്ള നിയമം

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സൗകര്യപൂർവ്വം മറന്നുകൊണ്ട് രാജ്യത്തിന്റെ കടൽസമ്പത്ത് സ്വദേശ-വിദേശ കുത്തകകൾക്ക് ധൂർത്തടിക്കാൻ തുറന്നിട്ടു കൊടുക്കുക എന്ന അന്താരാഷ്ട്ര അജണ്ടയ്ക്ക് ഇന്ത്യ വഴങ്ങിക്കൊടുത്തതിന്റെ ദൃഷ്ടാന്തങ്ങളാണ് മുകളിൽ പറഞ്ഞ നിയമങ്ങളും വിജ്ഞാപനങ്ങളുമെല്ലാം. ഇവയോരോന്നും മത്സ്യത്തൊഴിലാളികളെ കൂടുതൽ കൂടുതൽ പാർശ്വവത്കരിക്കുന്നതും കടലിൽനിന്ന് അവരെ പുറന്തള്ളുന്നതുമാണ്. കേന്ദ്ര കൃഷി സഹമന്ത്രി കെ.വി. തോമസ് എന്തൊക്കെ ന്യായം പറഞ്ഞാലും അന്താരാഷ്ട്ര സമ്മർദ്ദത്തിന്റെ ഫലമായി ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ ആൻഡ് മാനേജ്മെന്റ്) ബിൽ 2009-ഉം ഇതേ ലക്ഷ്യത്തോടെ തന്നെയുള്ളതാണ്. യൂറോപ്യൻ യൂണിയന്റെ സമ്മർദ്ദഫലമായി, പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കുറിച്ച് ഒരക്ഷരം മിണ്ടാത്ത വ്യാവസായിക മത്സ്യബന്ധനത്തെക്കുറിച്ചു മാത്രം പറയുന്ന ഈ ബിൽ നൂറുശതമാനവും വ്യവസായാനുകൂലമാണ്. മത്സ്യബന്ധനം ഉപജീവനമാക്കിയ ഒരു കോടിയിലധികം വരുന്ന മത്സ്യത്തൊഴിലാളികളെ അഭിസംബോധന ചെയ്യാത്ത ഈ ബില്ലിനെതിരെ അതുകൊണ്ടുതന്നെ ഈ മേഖലയിൽ എതിർപ്പു ശക്തമാണ്. ഇന്ത്യയുടെ ആഴക്കടൽ വൻകിട സ്വദേശ-വിദേശ മത്സ്യബന്ധന യാനങ്ങൾക്ക് തുറന്നിട്ടുകൊടുക്കുന്നതാണ് ഈ നിയമം. പക്ഷേ, കടൽസമ്പത്തിന്റെ പരിരക്ഷ, നിയന്ത്രിത മത്സ്യബന്ധനം തുടങ്ങി സുന്ദരമായ പദങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.

## ട്രോളറുകളുടെ അരിച്ചുപെറുക്കൽ

ഇന്ത്യയുടെ സമുദ്രാതിർത്തി പ്രദേശങ്ങളായ തനതു സാമ്പത്തികമേഖലയിൽ (EEZ) പെടുന്ന പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്താൻ കേന്ദ്രസർക്കാരിന്റെ അനുമതി കർശനമായും വാങ്ങിയിരിക്കണമെന്നാണ് ബില്ലിലെ പ്രധാന വ്യവസ്ഥ. സംസ്ഥാന സർക്കാരുകൾ നൽകുന്ന ലൈസൻസുകൾക്ക് സംസ്ഥാനാതിർത്തിവരെ (12 നോട്ടിക്കൽ മൈൽ അഥവാ തീരത്തുനിന്ന് 22 കി.മീ ദൂരം) മാത്രമേ പ്രാബല്യമുണ്ടാകൂ എന്നർത്ഥം. ഈ വ്യവസ്ഥയെ മത്സ്യത്തൊഴിലാളികൾ വ്യാപകമായി എതിർക്കുന്നു. "ഇന്ന് തീരക്കടലുകളിൽ മീനുകളില്ല. ദൂരേയ്ക്കു പോയി ഒന്നും രണ്ടും ദിവസമൊക്കെ കടലിൽ തങ്ങിയാലേ എന്തെങ്കിലും കിട്ടൂ. ഒരു നിയന്ത്രണവുമില്ലാതെ ആർത്തിപിടിച്ച് നടത്തിയ മീൻപിടുത്തമാണ് തീരക്കടലിലെ മത്സ്യസമ്പത്ത് നശിപ്പിച്ചത്. പോരാത്തതിന് ട്രോളറുകൾ വന്ന് മുഴുവൻ അരിച്ചുപെറുക്കി, അടിത്തട്ടുവരെ മാന്തിയെടുത്ത് മുട്ടകളെയും കുഞ്ഞുമീനുകളെയുമൊക്കെ നശിപ്പിച്ചു. അടിത്തട്ടിൽ ചെറിയ ജീവികളും പുല്ലുകളും ചെടികളും എല്ലാമുണ്ടായിരുന്നു. മത്സ്യങ്ങൾ അവിടെ മുട്ടയിട്ടിരുന്നു. ജീവന്റെ ആ ലോകം ഇന്നവിടെയില്ല. അതുകൊണ്ട് ഇന്നു ഞങ്ങൾക്ക് മീൻപിടിക്കാൻ ആഴക്കടലിൽത്തന്നെ പോകണം.

കേരള സർക്കാരിന്റെ അനുമതിയുള്ള ഒരു മത്സ്യത്തൊഴിലാളിയെ കേന്ദ്രസർക്കാർ അംഗീകരിക്കില്ലെന്നാണോ പുതിയ നിയമം? ഇനി ലൈസൻസെടുക്കാമെന്നു വച്ചാൽതന്നെ, നമ്മുടെ കടലിലേക്ക് ഒരു നിയന്ത്രണവുമില്ലാതെ കടന്നുവരുന്ന വലിയ വലിയ മത്സ്യബന്ധനക്കപ്പലുകളോട് ഞങ്ങളെങ്ങനെ പിടിച്ചു നിൽക്കും? ഇപ്പോൾത്തന്നെ ഒഴിഞ്ഞ വഞ്ചിയുമായാണ് പലപ്പോഴും ഞങ്ങൾ മടങ്ങിവരുന്നത്"- അഞ്ചുതെങ്ങിലെ മത്സ്യത്തൊഴിലാളിയായ വല്ലേരിയൻ ഇസ്ഹാഖിന്റെ ചോദ്യങ്ങൾ ന്യായമാണ്. കാരണം സംസ്ഥാന സർക്കാരുകളുടെ അവകാശങ്ങൾ പരിഗണിക്കാതെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളും ജീവിക്കാനുള്ള അവകാശം നിഷേധിച്ചുകൊണ്ടുമാണ് രാജ്യത്തിന്റെ സമുദ്രസമ്പത്ത് വിദേശ രാജ്യങ്ങൾക്ക് തുറന്നിട്ടുകൊടുക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നത്.

ഒരു ജൈവസമ്പത്തിന്റെ സംരക്ഷണമെന്ന നിലയിൽ മത്സ്യബന്ധനം നിയമവിധേയമാക്കുകയും നിയന്ത്രിക്കുകയും വേണമെന്ന കാര്യത്തിൽ തർക്കമില്ലെന്ന് ഫിഷറീസ് മുൻ അഡീഷണൽ ഡയറക്ടർ സഞ്ജീവ ഘോഷ് പറയുന്നു: "പക്ഷേ, ഇവിടുത്തെ അജണ്ട വേറെയാണ്. ആഴക്കടലിലാണ് കയറ്റുമതി സാധ്യതയുള്ള ട്യൂണ പോലെയുള്ള മത്സ്യങ്ങൾ അധികമുള്ളത്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെയും മറ്റും കടലിൽ അനിയന്ത്രിത മത്സ്യബന്ധനം മൂലം മത്സ്യസമ്പത്ത് വല്ലാതെ കുറഞ്ഞു. അവിടെ മീൻപിടുത്തത്തിലേർപ്പെട്ടിരുന്ന വലിയ യാനങ്ങൾ അതോടെ നിശ്ചലമായി.

കോടികൾ വിലവരുന്ന അത്തരം ഫാക്ടറികപ്പലുകൾക്ക് പണി കണ്ടുപിടിക്കുന്നതിനൊപ്പം ഇന്ത്യയുടെ ഇനിയും അവശേഷിക്കുന്ന മത്സ്യസമ്പത്തുമാണ് അവരുടെ ലക്ഷ്യം. അന്താരാഷ്ട്ര സമ്മർദ്ദങ്ങളെ നമ്മൾ നമ്മുടേതായ രീതിയിൽ പ്രതിരോധിക്കണം. നമ്മുടെ കടലിലെ മത്സ്യബന്ധനത്തിന് നമ്മൾ മുൻഗണന നിശ്ചയിക്കണം. പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളികൾക്കായിരിക്കണം പ്രഥമ പരിഗണന നൽകേണ്ടത്. പിന്നീട്, സഹകരണസംഘങ്ങൾക്കും രാജ്യത്തെ സംയുക്ത സംരംഭങ്ങൾക്കും. ഇതൊന്നും കണക്കിലെടുക്കാതെ ഇന്ത്യയുടെ സമുദ്രാതിർത്തി എല്ലാവർക്കുമായി തുറന്നിടുന്നത് വലിയ ദോഷം ചെയ്യും."

വിദേശരാജ്യങ്ങൾക്ക് ഈവിധത്തിൽ സ്വാതന്ത്ര്യം നൽകുന്നതിന് മറ്റൊരു



സംഘബലത്തിന്റെ കരുത്ത്

ദോഷം കൂടിയുണ്ട്. കടലിൽ മത്സ്യങ്ങൾ മാത്രമല്ല ഉള്ളത്. വ്യാവസായികാവശ്യങ്ങൾക്കുള്ള ജൈവ-അജൈവ വസ്തുക്കളും ധാതുക്കളും ലവണങ്ങളുമൊക്കെയുണ്ട്. ഒരു ലൈസൻസുമായി വന്ന് മത്സ്യബന്ധനത്തിന്റെ മറവിൽ വിലമതിക്കാനാവാത്ത ഈ സമ്പത്തുകളും കൊള്ളയടിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

പന്ത്രണ്ട് നോട്ടിക്കൽ മൈലിനപ്പുറത്തുള്ള കടലിലെ മത്സ്യത്തിന്റെ പ്രാപ്യത ആർക്കെന്ന കാര്യത്തിൽ ബിൽ മൗനം പാലിക്കുകയാണെന്ന് സന്നദ്ധ സംഘടനയായ പ്രോത്സാഹന്റെ ഡയറക്ടർ എ.ജെ. വിജയൻ പറയുന്നു: "ഈ പിഴവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കും. സ്വാധീനവും സംവിധാനങ്ങളുമുള്ളവർക്ക് കൂടുതൽ മീൻ പിടിക്കാം എന്നു വരുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പിന്തള്ളപ്പെട്ടു പോകുമെന്നു തീർച്ചയാണ്."

ദേശീയസുരക്ഷയ്ക്കു വേണ്ടി കൂടിയാണ് ഈ നിയമമുണ്ടാക്കുന്നതെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. നിയമത്തിന്റെ നടത്തിപ്പു ചുമതല കോസ്റ്റ് ഗാർഡിനാണ്. നിയമം ആവിഷ്കരിക്കുന്നതാകട്ടെ കേന്ദ്രകൃഷിമന്ത്രാലയവും. ദേശീയ സുരക്ഷയുടെ പേരിൽ കൃഷിവകുപ്പ് (പ്രതിരോധവകുപ്പല്ല) ഒരു മത്സ്യബന്ധന പരിപാലനനിയമം കൊണ്ടുവരുന്നു എന്നതും ദുരൂഹമാണ്. കടലിലും തീരങ്ങളിലുമായി രാജ്യസുരക്ഷയ്ക്ക് കാലങ്ങളായി മത്സ്യത്തൊഴിലാളികൾ നൽകുന്ന സേവനം പക്ഷേ, ഈ നിയമത്തിൽ പരാമർശിക്കപ്പെടുന്നതേയില്ല. എന്നാൽ കടലിനെയും തീരത്തെയും എന്നും കാക്കുന്നത് മത്സ്യത്തൊഴിലാളികളാണെന്ന്, രാത്രി അങ്ങകലെ പുറംകടലിൽ ചക്രവാളം തൊട്ട് ഒന്നോടൊന്നു ചേർന്നു നിൽക്കുന്ന മത്സ്യബന്ധന ബോട്ടുകളെ ചൂണ്ടിക്കാട്ടി ലോറൻസ് ചേട്ടൻ പറയുന്നു: "അവരങ്ങനെ നിൽക്കും രാവെളുക്കുവോളം. അവരെ കടന്ന് ഏത് തീവ്രവാദിയും കൊള്ളക്കാരനുമാണ് ഇങ്ങോട്ടു വരിക? സർക്കാർ നിയമം കൊണ്ടുവരേണ്ടത് ഞങ്ങളെ നിയന്ത്രിക്കാനല്ല, കടലിനെ കൊള്ളയടിക്കുന്ന വലിയ വലിയ ട്രോളറുകളെയും ഫാക്ടറിക്കപ്പലുകളെയും നിയന്ത്രിക്കാനാണ്." രാപകലില്ലാതെ കടലിൽ കഴിയുന്ന മത്സ്യത്തൊഴിലാളിയുടെ അനുഭവപരിചയം പ്രയോജനപ്പെടുത്താത്ത രാജ്യസുരക്ഷാനിയമം സംശയാസ്പദമാണ്. പ്രയോജനപ്പെടുത്തുന്നില്ലെന്നു മാത്രമല്ല, അവരെ തടയുന്ന വകുപ്പുകൾ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

നിയമലംഘനത്തിന് പിഴയും ശിക്ഷയുമൊക്കെ നിർദ്ദിഷ്ട നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ ലൈസൻസില്ലാതെ ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നടത്തിയാൽ മൂന്നുവർഷം തടവും ഒൻപതുലക്ഷം രൂപയോ മത്സ്യബന്ധന യാനത്തിന്റെ വിലയോ ഇതിലേതാണ് കൂടുതൽ എന്നു വച്ചാൽ അതു നൽകേണ്ടിയുംവരും. വിദേശമത്സ്യബന്ധന യാനത്തിനാണെങ്കിൽ പിഴ ഇരുപതുലക്ഷം രൂപ വരെയാകുമെന്നു വ്യത്യാസം മാത്രം.

അതേസമയം, മത്സ്യബന്ധനമേഖലയിലെ ഒരു നിയമോപകരണമെന്ന നിലയിൽ പ്രസ്തുത ബിൽ സ്വാഗതാർഹമാണെന്ന് സന്നദ്ധ സംഘടനയായ ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ് (ഐ.സി.എസ്.എഫ്) അഭിപ്രായപ്പെടുന്നു. എന്നാൽ, ചെറുകിട മത്സ്യബന്ധനയാനങ്ങൾ പന്ത്രണ്ട് നോട്ടിക്കൽ മൈലിനിപ്പുറവും വലിയ യാനങ്ങൾ അതിനപ്പുറവും മീൻ പിടിക്കാൻ മാത്രമുള്ളതാണെന്നുമുള്ള തോന്നൽ ഈ നിയമം ഉണ്ടാക്കുന്നുവെന്നും ഐ.സി.

എസ്.എഫിന് അഭിപ്രായമുണ്ട്. ഒരു ലക്ഷത്തിലേറെ ചെറിയ യാനങ്ങൾ ഇപ്പോൾ ഇന്ത്യയിലെ മത്സ്യബന്ധന മേഖലയിലുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വേണമെന്നാണ് അവരുടെ ആവശ്യം.

ബില്ലിനെക്കുറിച്ച് ഇതിനകം രാജ്യവ്യാപകമായ ചർച്ചകൾ നടന്നുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ബിൽ വീണ്ടും ഡ്രാഫ്റ്റ് ചെയ്ത് അവതരിപ്പിക്കുമെന്ന് മന്ത്രി കെ.വി. തോമസ് പറയുന്നു: "നിയമലംഘനങ്ങൾക്ക് നൽകുന്ന ശിക്ഷയുടെ കാര്യത്തിൽ കുറവു വരുത്താൻ ഏകദേശ ധാരണയായിട്ടുണ്ട്. പലരും നിയമത്തെക്കുറിച്ച് പഠിക്കാതെയാണ് വിമർശനമുന്നയിക്കുന്നത്. വിദേശരാജ്യങ്ങളിലേക്ക് മത്സ്യം കയറ്റുമതി ചെയ്യണമെങ്കിൽ അവർ മുന്നോട്ടു വയ്ക്കുന്ന നിബന്ധനകൾ അംഗീകരിച്ചേ പറ്റൂ. അല്ലെങ്കിൽ കയറ്റുമതി വേണ്ടെന്നു വയ്ക്കണം. ഈ സാഹചര്യത്തിൽ സർക്കാരിന് ചില നടപടികൾ എടുക്കാതെ നിർവ്വാഹമില്ല. അത്രയേറെ വലിയ മത്സരമാണ് അന്താരാഷ്ട്ര വിപണിയിൽ നടക്കുന്നത്. ചൈനയിൽ നിന്നും മറ്റും ഉയരുന്ന വലിയ മത്സരം പ്രതിരോധിക്കാനുള്ള നടപടികളാണ് സർക്കാർ ആലോചിക്കുന്നത്." പക്ഷേ, ആ ആലോചനകളിലെവിടെയും ലക്ഷക്കണക്കിനു വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളില്ലെന്നതാണ് ഈ നിയമത്തിന്റെ തകരാറും.

## യൂറോപ്യൻ യൂണിയന്റെ പിടിവാശി

ഇന്ത്യയിൽനിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയുടെ പ്രധാന വിപണിയാണ് യൂറോപ്യൻ യൂണിയൻ. ഏതാണ്ട് ഇരുപത്തഞ്ചു ശതമാനം. സമുദ്രോല്പന്ന കയറ്റുമതിയുമായി ബന്ധപ്പെട്ട് യൂറോപ്യൻ യൂണിയൻ ഇപ്പോൾ മുന്നോട്ടുവച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതിയെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും ഒരുപോലെ ബാധിക്കുന്നതാണ്. 1995-ൽ ലോക ഭക്ഷ്യ കാർഷിക സംഘടന(എഫ്.എ.ഒ) അനധികൃത, റിപ്പോർട്ട് ചെയ്യപ്പെടാത്ത അനിയന്ത്രിത മത്സ്യബന്ധനം തടയാനാവശ്യമായ നടപടികളെടുക്കാൻ ലോകരാജ്യങ്ങളോടു നിർദ്ദേശിക്കുകയുണ്ടായി. അനിയന്ത്രിതമായ മത്സ്യബന്ധനം ലോക മത്സ്യസമ്പത്ത് തകർത്ത സാഹചര്യത്തിൽ ഈ നിർദ്ദേശം പൂർണ്ണമായും ശരിയാണ്. എന്നാൽ എഫ്.എ.ഒ.യുടെ ഈ നിർദ്ദേശത്തിന്റെ ചുവടുപിടിച്ച് റിപ്പോർട്ട് ചെയ്യപ്പെടാത്ത, അനധികൃത, നിയന്ത്രണമില്ലാത്ത മത്സ്യബന്ധനം തടയാത്ത രാജ്യങ്ങളിൽനിന്നും തങ്ങൾ സമുദ്രോല്പന്നങ്ങൾ ഇറക്കുമതി ചെയ്യില്ലെന്ന യൂറോപ്യൻ യൂണിയന്റെ നിലപാടാണ് പ്രശ്നമായിരിക്കുന്നത്. യൂറോപ്യൻ യൂണിയന്റെ ചുവടുപിടിച്ച് ഇതര രാജ്യങ്ങളും ഈ നിലപാടെടുത്താൽ ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതി പ്രതിസന്ധിയിലാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയെപ്പോലെ മറ്റു വികസ്വര രാജ്യങ്ങളെയും ഇതു ബാധിക്കും. കാരണം, ഇവിടെനിന്ന് കയറ്റുമതി ചെയ്യപ്പെടുന്ന മത്സ്യത്തിന്റെ നിർണ്ണായകമായൊരു പങ്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്നതാണ്. ഇത് റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനമൊന്നും ഇന്ത്യയിലില്ല. ഈ സാഹചര്യത്തിൽ, യൂറോപ്യൻ യൂണിയന്റെ മാർഗ്ഗരേഖയനുസരിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ അനധികൃതമാകും. ഇത് ഇറക്കുമതി ചെയ്യാൻ അനുവദിക്കില്ലെന്നു വരുമ്പോൾ യൂറോപ്യൻ യൂണിയനുമായുള്ള ഇന്ത്യയുടെ കയറ്റുമതി ബന്ധം പ്രതിസന്ധിയിലാകും.

അതേസമയം, വികസ്വര രാജ്യങ്ങളിലെ യാഥാർത്ഥ്യം മനസ്സിലാക്കാതെയുള്ള ഈ മാർഗ്ഗരേഖയെ ചോദ്യം ചെയ്യാനുള്ള ഒരു ശ്രമവും നടത്താതെ "അവർ പറയുന്നതനുസരിച്ചില്ലെങ്കിൽ അവിടേയ്ക്കുള്ള കയറ്റുമതി വേണ്ടെന്നു വയ്ക്കേണ്ടിവരും" എന്ന ഭീഷണിയുടെ ചുവയുള്ള മറുപടി അത്ര നിഷ്കളങ്കമല്ല. ചെറുകിട മത്സ്യബന്ധനമേഖലയെ പരിഗണിക്കാത്ത ഏകപക്ഷീയമായ ഈ മാർഗ്ഗരേഖ വികസ്വര രാജ്യങ്ങളുടെ സമ്പത്ത് കൈയടക്കാനുള്ള തന്ത്രമാണ്. ഒപ്പം, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പുറന്തള്ളാനുള്ള രഹസ്യഅജണ്ടയുടെ ഭാഗവും. രാജ്യത്തെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ അതതു തീരങ്ങളിലേക്ക് പിടിച്ചുകൊണ്ടുവരുന്ന മീനുകൾ അനധികൃതവും വലിയ ഫാക്ടറിക്കപ്പലുകൾ ലൈസൻസിന്റെ പിൻബലത്തിൽ ആഴക്കടലിൽ നടത്തുന്ന മത്സ്യബന്ധനം അധികൃതവുമാവുകയാണ്. ഈ പശ്ചാത്തലത്തിൽ വേണം കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് ആക്ടിനെ കാണാൻ. പരമ്പരാഗത മത്സ്യത്തൊഴിലാളി എന്നു പറയാൻ പോലും വിമുഖത കാട്ടുന്ന ഒരു മത്സ്യബന്ധന പരിപാലനനിയമം ആർക്കുവേണ്ടിയാണ്? മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പൊതുവേദികളിൽ ഒരുപാട് കണ്ണീർ പൊഴിക്കാറുള്ള മന്ത്രി കെ.വി. തോമസ് ഇതിനു മറുപടി പറയേണ്ടതാണ്.

ഭേദഗതികളുടെ കാര്യത്തിൽ തീരദേശ നിയന്ത്രണ (CRZ) വിജ്ഞാപനത്തിന് റെക്കോർഡാണ്. ഏതാണ്ട് 25 തവണ ഇത് ഭേദഗതി ചെയ്യപ്പെട്ടു. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ ചുവടുപിടിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം പാരിസ്ഥിതികമായി അതിലോലമായ തീരപ്രദേശത്തെ തെറ്റായ വികസന പ്രവർത്തനങ്ങളിൽനിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതായിരുന്നു. തീരത്തുനിന്ന് നിശ്ചിത ദൂരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങളെ ഇത് തടഞ്ഞിരുന്നു. എന്നാൽ പിന്നീടുവന്ന ഓരോ ഭേദഗതിയും ടൂറിസം, റിയൽ എസ്റ്റേറ്റ്, കച്ചവടതാല്പര്യങ്ങൾക്കു വഴങ്ങി ഈ വിജ്ഞാപനത്തെ ദുർബ്ബലമാക്കി. ഇന്നിപ്പോൾ ഇതേറ്റവും എതിർപ്പു നേരിടുന്നത് മത്സ്യത്തൊഴിലാളികൾക്കിടയിൽ നിന്നാണെന്ന് സഞ്ജീവ ഘോഷ് ചൂണ്ടിക്കാട്ടുന്നു. "നിയന്ത്രണങ്ങൾ പലതും ദുർബ്ബലമായിത്തുടങ്ങിയപ്പോൾ ടൂറിസം ലോബി തീരങ്ങൾ കൈയടക്കിത്തുടങ്ങി. മത്സ്യത്തൊഴിലാളികളിൽ നിന്ന് അവർ ഭൂമി വാങ്ങി. ഇങ്ങനെ ആകെയുള്ള ഒന്നും രണ്ടും സെന്റ് ഭൂമി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ തീരത്തുനിന്ന് കുടിയൊഴിയാൻ നിർബന്ധിതരായി."

## പുനരധിവാസം തേടുന്ന മത്സ്യത്തൊഴിലാളി

സ്വന്തമായി ഭൂമിയില്ലാത്തതിനാൽ സർക്കാർ സഹായത്തോടെ ഒരു വീടുപണിയാമെന്നുള്ള അവരുടെ മോഹവും അസ്ഥാനത്തായി. കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ മുപ്പത് ശതമാനത്തിനും സ്വന്തമായി ഭൂമിയില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. മാത്രമല്ല, കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരത്തിന്റെ എഴുപത് ശതമാനത്തിനു മുകളിൽ ഉപയോഗി

ക്കപ്പെടുന്നത് മത്സ്യബന്ധേതര പ്രവർത്തനങ്ങൾക്കാണ് എന്ന വസ്തുതയും ഗൗരവത്തോടെ കാണേണ്ടതാണ്.

CRZന്റെ അവസാനത്തെ ഭേദഗതി എം.എസ്. സ്വാമിനാഥൻ കമ്മീഷന്റെ വകയാണ്. തീരദേശ നിയന്ത്രണം എന്നതിനു പകരം തീരദേശ പരിപാലനം എന്ന തലത്തിലേക്ക് അതു മാറി. വ്യാപകമായ എതിർപ്പിനെ തുടർന്ന് ഇതു പിൻവലിക്കാൻ സർക്കാർ നിർബന്ധിതമായി. ഈ സാഹചര്യത്തിലാണ് വനാവകാശ നിയമത്തിന്റെ മാതൃകയിൽ ഒരു നിയമം തീരദേശത്തിനുവേണ്ടി നിർമ്മിക്കുമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ജയറാം രമേഷ് പ്രഖ്യാപിച്ചത്. ഒരുപക്ഷേ, തീരങ്ങളിൽ ഇതുവരെ നടന്ന എല്ലാ നിയമലംഘനങ്ങളും അതോടെ സാധുതയുള്ളതായേക്കും.

"മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയെന്തായി? അതു വല്ലതും നടക്കുമോ?" പൊടുന്നനെയായിരുന്നു ലോറൻസ് ചേട്ടന്റെ ചോദ്യം. ഒരായുസ്സു മുഴുവൻ തന്റെ അദ്ധ്വാനം കടലിൽ ചെലവഴിച്ചശേഷം ജീവിതസായാഹ്നത്തിൽ ഒന്നും ബാക്കിയില്ലാതാവുന്നതിന്റെ ദൈന്യത ആ ചോദ്യത്തിലുണ്ടായിരുന്നു. "മുൻപൊക്കെ ഈ തീരത്തിരുന്നാണ് ഞങ്ങൾ ജീവിതം സ്വപ്നം കണ്ടിരുന്നത്. അന്ന് കടലൊരു സന്തോഷമായിരുന്നു. ഇന്നത് പേടിസ്വപ്നമാണ്. കടലിന് പുതിയ അവകാശികൾ വന്നിരിക്കുന്നു. നാളെ ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് ജീവിക്കാൻ കടൽ ഉതകില്ല. കടലും ഒരുപാടു മാറിയിരിക്കുന്നു; പേടിപ്പിക്കുന്ന മാറ്റങ്ങൾ... വെള്ളത്തിന്റെ നിരപ്പ് ഉയർന്നിരിക്കുന്നു, ചൂടു കൂടിയിരിക്കുന്നു, മീനുകൾ ഇല്ലാതാവുന്നു... കടൽ മത്സ്യത്തൊഴിലാളിക്ക് സുരക്ഷിതമല്ലാതായിരിക്കുന്നു." പക്ഷേ, മത്സ്യത്തൊഴിലാളിക്ക് സുരക്ഷിതമല്ലാത്ത കടൽ മറ്റു പലർക്കും ചാകരയാണ്. രാഷ്ട്രീയക്കാർക്ക്, തൊഴിലാളി യൂണിയനുകൾക്ക്, എണ്ണിയാലൊടുങ്ങാത്ത എൻ.ജി.ഒകൾക്ക്, ജാതി-മത സംഘടനകൾക്ക്, മത്സ്യഫെഡിന്, ടൂറിസം-റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക്, വട്ടിപ്പലിശക്കാർക്ക്... അങ്ങനെ പലർക്കും. മുക്കുവന്റെ കടലിലെ അദ്ധ്വാനത്തിന്റെ ഫലം ഇവരെല്ലാം കൂടി പങ്കുവച്ചെടുക്കുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളി ചോദിക്കുന്നു: "ഞങ്ങളുടെ പുനരധിവാസ പദ്ധതിയെന്തായി?"

സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ തീരദേശമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച മാദ്ധ്യമ ഫെല്ലോഷിപ്പിന്റെ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ട്)